## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3356 19.10.2016 ന് മറുപടിയ്ക്ക്.

### ആസ്സാം മോഡൽ ഫെൻസിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി.അൻവർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ മണ്ഡലത്തിൽ കൃഷി നശിപ്പിക്കുന്ന ആനകളെ പ്രതിരോധിക്കുന്നതിനായി ആസ്സാം മോഡൽ ഫെൻസിംഗ് മാതൃകയിൽ വേലി കെട്ടുമെന്ന് പ്രഖ്യാപിച്ചതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (എ) നിലമ്പൂർ മേഖലയിൽ കൃഷി നശിപ്പിക്കുന്ന ആനകളെ പ്രതിരോധിക്കാനായി സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പഴയ റെയിൽപ്പാളം ഉപയോഗിച്ച് നിർമ്മിക്കുന്ന റെയിൽ ഫെൻസിംഗ് (ആസ്സാം മോഡൽ) കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ (KIIFB) ഉൾപ്പെടുത്തി നിലമ്പൂർ സൗത്ത് ഡിവിഷനിൽ 142 ലക്ഷം രൂപ ചെലവിൽ 1.5 കി. മീറ്റർ കല്ല് പതിച്ച ആന പ്രതിരോധ കിടങ്ങും, കൂടാതെ സുഹറാമുക്ക്-കൽക്കുളം മേഖലയിൽ 630 ലക്ഷം രൂപ ചെലവിൽ 4.5 കി.മീറ്റർ ആന പ്രതിരോധ മതിലും നിർമ്മിക്കുവാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

Valsala S.D

സെക്ഷൻ ഓഫീസർ